127/1/NSS/DHSE/2017 **സർക്കുലർ** 22/09/2017

വിജ്ഞാനകൈരളി വായനക്കൂട്ടവുമായി ബന്ധപ്പെട്ടുള്ള സംസ്ഥാനതല അദ്ധ്യാപക പരിശീലനം ഒക്ടോബർ 4,5 തീയതികളിൽ തിരുവനന്തപുരത്ത് സീമാറ്റിലോ വൈലോപ്പിള്ളി സംസ്കൃതി ഭവനിലോ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ പരിശീലനം സംഘടിപ്പിക്കുന്നതാണ്. മേഖലാ/ജില്ലാ പ്രോഗ്രാം കൺവീനർമാരെ കൂടാതെ ചുവടെ ചേർക്കുന്ന ക്രമത്തിൽ ഓരോ ജില്ലയിൽ നിന്നും റിസോഴ്സ് അദ്ധ്യാപകരെ കണ്ടെത്തി പരിശീലനത്തിൽ പങ്കെടുപ്പിക്കണം. എൻഎസ്എസിൽ നിന്നോ, കരിയർ ഗൈഡൻസ് & അഡോളസൻസ് കൗൺസിലിംഗ് മേഖലയിൽ നിന്നോ തൽപരരായ മറ്റദ്ധ്യാപകരിൽ നിന്നോ കണ്ടെത്താം. തെരഞ്ഞെടുക്കുന്ന അദ്ധ്യാപകർ പദ്ധതി ഉൾക്കൊള്ളാൻ പൂർണ്ണ മനസ്സുള്ളവരും ജില്ലാതല പരിശീലനം ഏറ്റവും ഫലവത്തായി നടത്താൻ കഴിവുള്ളവരും ആയിരിക്കണം. പരീശീലനത്തിൽ പങ്കെടുക്കുന്നവരുടെ വിവരം സെപ്റ്റംബർ 25ന് മുൻപ് അറിയിക്കേണ്ടതാണ്.

തിരുവനന്തപുരം -4, കൊല്ലം -4, പത്തനംതിട്ട -2, ആലപ്പുഴ -3, കോട്ടയം -3, എറണാകുളം -4, ഇടുക്കി -2, തൃശ്ശൂർ -4, പാലക്കാട് -3, മലപ്പുറം 1 –3, മലപ്പുറം 2 -3, കോഴിക്കോട് -5, വയനാട്-2, കണ്ണൂർ-4, കാസറഗോഡ്-2

യൂണിറ്റുതല പരിശീലനത്തിനായി പ്രോഗ്രാം ഓഫീസറെ കൂടാതെ നിസ്വാർത്ഥമായും ആത്മാർത്ഥമായും പ്രവർത്തിക്കുന്ന മറ്റൊരദ്ധ്യാപകനെ/അദ്ധ്യാപികയെയും കണ്ടെത്തണം. അവർക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഒരു ദിവസത്തെ പരിശീലനം അതത് ജില്ലാ കേന്ദ്രങ്ങളിൽ ഒക്ടോബർ 7 ന് സംഘടിപ്പിക്കുന്നതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ